കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 04

കാസർകോട് ബുധൻ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## വായനാ പക്ഷാചരണം; 'വായനാ, പഠനം, ജീവിതം'

## ജില്ലാ കളക്ടർ പ്രകാശനം ചെയ്തു

വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫിസിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റിൽ സംഘടിപ്പിച്ച ചടങ്ങിൽ പിആർഡി മുൻ ഡെപ്യൂട്ടി ഡയറക്ടർ കെ.അബ്ദുറഹ്മാൻ രചിച്ച 'വായനാ, പഠനം, ജീവിതം' എന്ന പുസ്തകം പ്രകാശനം ചെയ്തു. മിനി കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ജീവൻബാബു.കെ പ്രസ്ക്ലബ് പ്രസിഡന്റ് ടി.എ.ഷാഫിക്ക് പുസ്തകം നൽകിയാണ് പ്രകാശനം നിർവഹിച്ചത്.

വായന, പ്രസംഗം, നേതൃഗുണം, പരീക്ഷാപേടി, തീവ്രവാദം എന്ന ആപത്ത്, ആരോഗ്യശീലം, മുലയൂട്ടൽ, ബാലവേല, ദിനാചരണങ്ങൾ തുടങ്ങിയ ഇരുപതോളം വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. വായന ദിനവുമായി ബന്ധപ്പെട്ട അനുഭവങ്ങളും കാസർകോട് ജില്ലയിൽ 11 വർഷം ജില്ലാ ഇൻഫർമേഷൻ ഓഫീസറായി സേവനം അനുഷ്ഠിച്ചപ്പോൾ ഉായ അനുഭവങ്ങളും കോർത്തിണക്കിയാണ് താൻ ഈ പുസ്തകം രചിച്ചിരിക്കുന്നതെന്ന് പിആർഡി മുൻ ഡെപ്യൂട്ടി ഡയറക്ടർ കൂടിയായ കെ.അബ്ദുറഹ്മാൻ പറഞ്ഞു. സാക്ഷരതാ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഷാജു ജോൺ അധ്യക്ഷതവഹിച്ചു. മുതിർ മാധ്യമപ്രവർത്തകൻ വി.വി പ്രഭാകരൻ പുസ്തകം പരിചയപ്പെടുത്തി. പ്രൊഫ.എ.ശ്രീനാഥ, നാരായണൻ പേരിയ, ഗോവിന്ദൻ രാവണേശ്വരം എന്നിവർ സംസാരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി സുഗതൻ സ്വാഗതവും കെ.വി രാഘവൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്:-**

വായന 2:- വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫിസിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ പിആർഡി മുൻ ഡെപ്യൂട്ടി ഡയറക്ടർ കെ.അബ്ദുറഹ്മാൻ രചിച്ച 'വായനാ, പഠനം, ജീവിതം' എന്ന പുസ്തകം ജില്ലാ കളക്ടർ ജീവൻബാബു.കെ പ്രസ്ക്ലബ് പ്രസിഡന്റ് ടി.എ.ഷാഫിക്ക് നൽകി പ്രകാശനം ചെയ്യുന്നു.

വായന:- വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫിസിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റിൽ പിആർഡി മുൻ ഡെപ്യൂട്ടി ഡയറക്ടർ കെ.അബ്ദുറഹ്മാൻ രചിച്ച 'വായനാ, പഠനം, ജീവിതം' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ച് ജില്ലാ കളക്ടർ ജീവൻബാബു.കെ സംസാരിക്കുന്നു.

## മിനിമം വേതന ഉപദേശക സമിതി സബ്കമ്മിറ്റിയുടെ തെളിവെടുപ്പ്

ഗവൺമെന്റ് മേക്കിംഗ് ഇൻഡസ്ട്രി, സ്ക്രീൻ പ്രിന്റിംഗ് എന്നീ മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഉപദേശകസമിതിയുടെ തെളിവെടുപ്പ് യോഗം ഈ മാസം 11 ന് യഥാക്രമം രാവിലെ 10.30 മണിക്കും, ഉച്ചയ്ക്ക് 12 മണിക്കും കോഴിക്കോട് ബാങ്ക് റോഡിലുള്ള വ്യാപാരഭവനിൽ ചേരു

(തുടരും)

മെന്ന് മിനിമം വേതന ഉപദേശകസമിതി സെക്രട്ടറി അറിയിച്ചു. തെളിവെടുപ്പ് യോഗത്തിലേക്ക് തൊഴിലാളി-തൊഴിലുടമ പ്രതിനിധികള്‍ പങ്കെടുക്കണമെന്ന് ജില്ലാ ലേബര്‍ ഓഫീസര്‍ അറിയിച്ചു.

## കുടുംബശ്രീ എസ്‌വിഇപി പദ്ധതി

## മന്ത്രി ചന്ദ്രശേഖരന്‍ ഉദ്ഘാടനം ചെയ്യും

നീലേശ്വരം ബ്ലോക്ക് എസ്‌വിഇപി - ഗ്രാമകിരണം പദ്ധതികളുടെ ഉദ്ഘാടനം നാളെ(ജൂലൈ 6) ഉച്ചകഴിഞ്ഞ് മൂന്നിന് ചെറുവത്തൂര്‍ പൂമാല ഓഡിറ്റോറിയത്തില്‍ റവന്യൂ, ഭവന നിര്‍മ്മാണ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരന്‍ നിര്‍വഹിക്കും. നീലേശ്വരം ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്ത് പരിധിയില്‍ നാലു വര്‍ഷത്തിനകം രായിരത്തോളം മൈക്രോസംരംഭങ്ങള്‍ ആരംഭിക്കുന്നതിലൂടെ ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജില്ലയില്‍ നീലേശ്വരം ബ്ലോക്കില്‍ ആരംഭിച്ച ഈ പദ്ധതി രാം ഘട്ടത്തില്‍ കാറഡുക്ക ബ്ലോക്കിലേക്ക് വ്യാപിപ്പിക്കാനുള്ള ഒരുക്കങ്ങള്‍ നടക്കുകയാണ്. ജില്ലയുടെ തനത് പദ്ധതിയായ ഗ്രാമകിരണം എല്‍ഇഡി ബള്‍ബ് നിര്‍മ്മാണവും തെരുവുവിളക്കുകളുടെ പരിപാലനവും കുടുംബശ്രീ ഏറ്റെടുത്ത് നടത്തി വരികയാണ്. ഉല്‍പ്പാദിപ്പിച്ച എല്‍ഇഡി ബള്‍ബുകളുടെ ഔപചാരികമായ വിപണനോദ്ഘാടനവും ചടങ്ങില്‍ നടക്കും.

പരിപാടിയുടെ വിജയത്തിനാവശ്യമായ സ്വാഗതസംഘ യോഗത്തില്‍ ചെറുവത്തൂര്‍ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവന്‍ മണിയറ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എ.ടി അബ്ദുള്‍ ജബ്ബാര്‍, വി.പി ഫൗസിയ, ജില്ലാമിഷന്‍ അസിസ്റ്റന്റ് കോര്‍ഡിനേറ്റര്‍ ഹരിദാസന്‍, ജോയിന്റ് ബിഡിഒ സീന, സിഡിഎസ് ചെയര്‍പേഴ്‌സണ്‍മാരായ റീന വി, ബിന്ദു ഇ കെ, ചന്ദ്രമതി, ലീന വി, പൂമണി കെ തുടങ്ങിയവര്‍ സംസാരിച്ചു. ജില്ലാ പ്രോഗ്രാം മാനേജര്‍ ഷീബ സ്വാഗതവും ചെയര്‍പേഴ്‌സണ്‍ ശ്രീലത നന്ദിയും പറഞ്ഞു.

## തുല്യത പഠിതാക്കളുടെ കൂട്ടായ്മ സ്‌കൂള്‍ വികസന

## ഫിന് തുക കൈമാറി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഹയര്‍ സെക്കന്‍ഡറി തുല്യതാ പഠിതാക്കളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. പരിപാടിയോട് അനുബന്ധിച്ച് കാസര്‍കോട് ഗവ.ഹയര്‍ സെക്കന്‍ഡറി സ്‌കൂളിലെ രാം വര്‍ഷ തുല്യത പഠിതാക്കളുടെ കൂട്ടായ്മ സ്‌കൂള്‍ വികസന ഫിലേക്ക് സമാഹരിച്ച പതിനായിരം രൂപ പ്രിന്‍സിപ്പാള്‍ ഡൊമനിക്ക് അഗസ്റ്റിന് കൈമാറി. അധ്യാപകരായ ഗീതാ തോപ്പില്‍, പി. സുകുമാരന്‍, സെന്റര്‍ കോര്‍ഡിനേറ്റര്‍മാരായ സി.കെ. പുഷ്പ കുമാരി, ഡി.വിജയമ്മ, തുല്യത ക്ലാസ് ലീഡര്‍മാരായ അരുണ്‍ കുമാര്‍, ബിന്ദു.ജെ, മുസ്തഫ എന്നിവര്‍ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്: സാക്ഷരത:-** കാസര്‍കോട് ഗവ.ഹയര്‍ സെക്കന്‍ഡറി സ്‌കൂളിലെ രാം വര്‍ഷതുല്യ പഠിതാക്കളുടെ കൂട്ടായ്മ സ്‌കൂള്‍ വികസന ഫിലേക്ക് തുക കൈമാറുന്നു.

## പാല്‍ ഗുണ നിയന്ത്രണ ജാഗ്രതാ യജ്ഞം

ക്ഷീരവികസന വകുപ്പ് കാസര്‍കോട് ജില്ലാ ഗുണനിയന്ത്രണ യൂണിയന്റെയും ഉദുമ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റേയും സംയുക്താഭിമുഖ്യത്തില്‍ നാളെ (ജുലൈ 6) ഉദുമ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പാല്‍ ഗുണനിലവാര ബോധവത്ക്കരണ പരിപാടി നടത്തും. ഉദുമ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എ.മുഹമ്മദലി ഉദ്ഘാടനം ചെയ്യും. ഉദുമ ക്ഷീരോത്പാദക സംഘം പ്രസിഡന്റ് പി.ഭാസ്‌ക്കരന്‍ നായര്‍ അധ്യക്ഷത വഹിക്കും.

## ഡിപ്ലോമ ഇന്‍ ജനറല്‍ നഴ്‌സിംഗ് ആന്റ് മിഡ് വൈഫറി

## കോഴ്‌സ്; അപേക്ഷ ക്ഷണിച്ചു

മെഡിക്കല്‍ വിദ്യാഭ്യാസ വകുപ്പിന്റെ കീഴില്‍ പട്ടികജാതി പട്ടികവര്‍ഗ വിഭാഗത്തില്‍പ്പെട്ടവര്‍ക്കായി തിരുവനന്തപുരം,കോട്ടയം,കോഴിക്കോട് സര്‍ക്കാര്‍ നഴ്‌സിംഗ് കോളേജുകളില്‍ നടത്തുന്ന ഡിപ്ലോമ ഇന്‍ ജനറല്‍ നഴ്‌സിംഗ് ആന്റ് മിഡ് വൈഫറി കോഴ്‌സ് 2018-19 ലേക്കുള്ള പ്രവേശനത്തിനു വേി അപേക്ഷ ക്ഷണിച്ചു.

(തുടരും)

അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40 ശതമാനം മാർക്കോടുകൂടി പ്ലസ് 2 പരീക്ഷ പാസായിരിക്കണം. പ്ലസ് 2ന് ശേഷം ഇന്ത്യൻ നഴ്സിംഗ്, കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും എഎൻഎം കോഴ്സ് പാസായവർക്കും അപേക്ഷിക്കാം. അപേക്ഷകർ 2018 ഡിസംബർ 31-ന് 17 വയസ് പൂർത്തിയാക്കുന്നവരും 35 വയസ് കഴിയാത്ത വരും ആയിരിക്കണം. എഎൻഎം കോഴ്സ് പാസായവർക്ക് പ്രായപരിധി ബാധകമല്ല.

മൂന്ന് ശതമാനം സീറ്റ് 40 ശതമാനം മുതൽ 50 ശതമാനം വരെ ശാരീരിക വൈകല്യമുള്ളവർക്ക് സംവ രണം ചെയ്തിട്ടു്. അപേക്ഷ ഫോറവും, പ്രോസ്പെക്ടസും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈ റ്റിൽ (www.dme.kerala.gov.in) നിന്നും ഡൗലോഡ് ചെയ്യാം. വുതാണ്. അപേക്ഷകർ അപേക്ഷ ഫീസായ 100 രൂപ 0210-03-105-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് പൂരിപ്പിച്ച അപേക്ഷയോടൊപ്പം അസൽ ട്രഷറി ചലാൻ സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിപ്പിച്ച് ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അസൽ ട്രഷറി ചലാൻ, എസ്.എസ്.എൽ.സി, പ്ലസ്ടു/തത്തുല്യം, ജാതി, സ്വദേശം,താമസം, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഈ മാസം 25നകം തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലും (www.dme.kerala.gov.in) , ജിഎൻഎം 2018 പ്രോസ്പെക്ട്സിലും ലഭിക്കും. ഫോൺ: 0471 2528575.

## മന്ത്രി ഇ.ചന്ദ്രശേഖരൻ ജില്ലയിൽ

റവന്യുമന്ത്രി ഇ.ചന്ദ്രശേഖരൻ ഇന്നുമുതൽ(ജൂലൈ അഞ്ച്) ഈ മാസം എട്ടുവരെ ജില്ലയിൽ വിവിധ പരിപാടിയിൽ പങ്കെടുക്കും. നാളെ (6) രാവിലെ 11.30 ന് ജി.എച്ച്.എസ്.എസ് ഉപ്പിലിക്കൈ കെട്ടിട ഉദ്ഘാടനവും പുതിയ കെട്ടിടത്തിന്റെ ശിലാ സ്ഥാപനവും, ഉച്ചകഴിഞ്ഞ് മൂന്നിന് ചെറുവത്തൂർ പൂമാല ഓഡിറ്റോറിയത്തിൽ കുടുംബശ്രീ മിഷൻ ഗ്രാമീണ സംരംഭകത്വ പരിപോഷണ പദ്ധതി ഉദ്ഘാടനം, ജൂലൈ ഏഴിന് രാവിലെ 11.30 ന് ജി.എച്ച്.എസ്. പരപ്പ കെട്ടിട ഉദ്ഘാടനം എന്നീ പരിപാടികളിലും മറ്റ് പൊതുപരിപാടികളിലും ഈ ദിവസങ്ങ ളിൽ മന്ത്രി പങ്കെടുക്കും.

## ഡി.എൽ.എഡ് കൂടിക്കാഴ്ച

2018-20 അധ്യായന വർഷത്തെ ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ (ഡി.എൽ.എഡ്) കൂടിക്കാഴ്ച ഈ മാസം ഒൻപത്, 10 തീയതികളിൽ നായൻമാർമൂല ഹൈസ്ക്കൂളിൽ നടക്കുമെന്ന് വിദ്യഭ്യാസ ഉപഡയറക്ടർ അറിയിച്ചു. സെലക്ഷൻ അർഹതയുള്ള വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ പ്രദർശി പ്പിച്ചിട്ടു്. കൂടുതൽ വിവരങ്ങൾക്ക് ഫോൺഃ- 04994-255033.

## കാട വളർത്തൽ പരിശീലനം

കണ്ണൂർ ജില്ലാ മൃഗാശുപത്രി കാമ്പസിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 10- ന് കാട വളർത്തൽ പരിശീലനം നൽകും പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ മാസം ഏ ഴിന് രാവിലെ 10 മുതൽ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ ക്ലാസിൽ പ്രവേശനമുായിരിക്കൂ. ഫോൺ: 04972 763473

## അധ്യാപക ഒഴിവ്

കാഞ്ഞങ്ങാട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂളിൽ ഒഴിവുള്ള പ്രൈമറി അധ്യാപക തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിനുള്ള കൂടിക്കാഴ്ച ഈ മാസം എട്ടിന് രാവിലെ 10 ന് സ്കൂളിൽ നടക്കും. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ രേഖകളുമായി ഹാജരാകണം. ഫോൺ :9447394587

(തുടരും)

# പരമ്പരാഗത കരകൗശല വിദഗ്ധർക്ക്

# നൈപുണ്യ വികസന പരിശീലനവും ഗ്രാന്റും

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്ന വിശ്വകർമ്മ, ശാലിയ, തോൽക്കൊല്ലൻ, മൂപ്പർ (ഉപജാതികൾ ഉൾപ്പെടെ) തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ വൈദഗ്ധ്യം ശക്തിപ്പെടുത്തി ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാന മാർഗം ക െ ത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 10 വരെ നീട്ടി. അപേക്ഷാ ഫോറത്തിന്റെ മാതൃകയും വിശദവിവരങ്ങളും www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0495-2377786 ഇ-മെയിൽ: bcddkkd@gmail.com

(അവസാനിച്ചു)